(സി) ഏകീകൃത വില്പനനികുതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് വല്ല നിർദ്ദേശങ്ങളും സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഏകീകൃത വില്പന നികുതിയും അടിസ്ഥാന നിരക്കുകളും ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) 2.12.95-ൽ ഡൽഹിയിൽ വച്ചുകൂടിയ സംസ്ഥാന ധനമന്ത്രിമാരുടെ സമ്മേളനത്തിൽ ഫ്ളോർ റേറ്റ് സംപ്രദായം നടപ്പിലാക്കാൻ തീരുമാനമായി. ഇതുപ്രകാരം ഒരു സംസ്ഥാനവും ഫ്ളോർ റേറ്റിൽ കുറഞ്ഞ നികുതി ഏർപ്പെടുത്താൻ പാടില്ല. 14.9.98-ൽ ചേർന്ന ധനമന്ത്രിമാരുടേയും മുഖ്യമന്ത്രിമാരുടേയും യോഗത്തിൽ ഫ്ളോർ റേറ്റ് സമ്പ്രദായം നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിച്ചു. സംസ്ഥാനങ്ങൾക്കു മൊത്തം ബാധകമായ ഒരു ഏകീകൃത ഫ്ളോർ റേറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനെക്കുറിച്ചും നികുതിയിളവുകളെ സംബന്ധിച്ചും പദ്ധതി തയ്യാറാക്കുന്നതിനുമായി പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ജ്യോതിബസു കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം സംസ്ഥാനങ്ങളുമായി ചർച്ചചെയ്ത് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളണമെന്നാണ് ധാരണ.

(സി)&(ഡി) ഇല്ല.

(ഇ) ഇല്ല. എന്നാൽ കേരളത്തിൽ നിലവിലുള്ള നിരക്കുകൾ മിക്കവാറും ഫ്ളോർ റേറ്റോ അതിൽ കൂടുതലോ ആണ്.

3 (2560) പ്രവേശന നികുതി

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. സുധാകരൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ ഏതെല്ലാം സാധനങ്ങൾക്ക് എൻട്രി ടാക്സ് ചുമത്തിയിട്ടുണ്ട്;

(ബി) ഇവയ്ക്ക് എൻട്രിടാക്സ് ചുമത്തുവാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ഈ സാമ്പത്തികവർഷം ഇതുവരെ കാറുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള എൻട്രി ടാക്സ് ഇനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടി;

(ഡി) സംസ്ഥാനത്തിനകത്തുള്ള ടാക്സ് മറ്റ് സംസ്ഥാനങ്ങളിലെ ടാക്സിന് സമമാക്കുന്നപക്ഷം എൻട്രി ടാക്സ് ചുമത്തേണ്ട ആവശ്യമുണ്ടോ?

ഉത്തരം

(എ) എൻട്രി ടാക്സ് ചുമത്തിയിട്ടുള്ള സാധനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. മോട്ടോർ വാഹനങ്ങൾ
2. സിമന്റ്

LIBRARY ARCHIVES Kerala Legislative Assembly

3. റെഫ്രിജറേറ്ററും അനുബന്ധ ഘടകങ്ങളും
4. വാഷിംഗ് മെഷീൻ
5. മാർബിൾ സ്ലാബ്, മാർബിൾ ടൈൽസ്
6. മൊസൈക് ടൈൽസും ചിപ്സും
7. ഗ്ലേസ്ഡ് ടൈൽസ്, സിറാമിക് ടൈൽസ്, എല്ലാ വിഭാഗത്തിലുമുള്ള തറ, ചുമർ ടൈൽസ്.
8. ഇരുമ്പും ഉരുക്കും
9. ഗ്രാനൈറ്റ് സ്ലാബ്
10. എയർ കണ്ടീഷണറും അനുബന്ധ സാമഗ്രികളും
11. സോഡിയം സിലിക്കേറ്റ്
12. ഫർണസ് ഓയിൽ, എൽ.എസ്.എച്ച്.എസ്.
13. കടപ്പക്കല്ലും സ്ലാബും
14. ഹൈസ്പീഡ് ഡീസൽ
15. ഫോട്ടോ കോപ്പിയിംഗ് മെഷീൻ
16. ഫാക്സ് മെഷീൻ
17. സ്കാനിംഗ് മെഷീൻ
18. ജനറേറ്റർ
19. ഇൻവെർട്ടർ, യു.പി.എസ്.

(ബി) മേൽപ്പറഞ്ഞ സാധനങ്ങൾക്ക് അന്യ സംസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് കേന്ദ്രഭരണ പ്രദേശങ്ങളിൽ നിലവിലുള്ള കുറഞ്ഞ നികുതി നിരക്ക്, ഇവിടത്തെ ഉപഭോക്താക്കൾക്ക് നേരിട്ട് അന്തർ സംസ്ഥാന വിൽപ്പന നടത്തുന്നതുമൂലമുണ്ടാകുന്ന നികുതി നഷ്ടം ഒഴിവാക്കി നമ്മുടെ ന്യായമായ നികുതി വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടിയാണ് പ്രവേശന നികുതി ചുമത്തിയിട്ടുള്ളത്.

(സി) 147.70 ലക്ഷം രൂപ (മോട്ടോർ വാഹനങ്ങൾക്ക് മൊത്തം)

(ഡി) മോട്ടോർ കാറുകൾക്ക് കേരളത്തിലും അയൽ സംസ്ഥാനങ്ങളിലും നിലവിലുള്ള നികുതി നിരക്ക് താഴെ കൊടുക്കുന്നു:

കേരളം	10%
കർണ്ണാടകം	8%
തമിഴ്നാട്	11%
ആന്ധ്രാപ്രദേശ്	16%
പോണ്ടിച്ചേരി	4%

പോണ്ടിച്ചേരി ഉൾപ്പെടെ അയൽ സംസ്ഥാനങ്ങളിൽ ഏകീകൃത നികുതി നിരക്ക് നിലവിൽ വരാത്തിടത്തോളം, സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം സംരക്ഷിക്കുന്നതിലേയ്ക്കായി എൻട്രി ടാക്സ് ചുമത്തേണ്ടത് ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly